ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 07-03-2026** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് നാളെ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ദേശീയ തല ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യ മുഖ്യാതിഥിയാകും.

   **President Draupadi Murmu will be the chief guest at the national-level celebrations to be organized in New Delhi tomorrow on the occasion of International Women's Day.**

2. രാജ്യത്ത് വിമാനത്താവളങ്ങൾ നിർമ്മിക്കപ്പെടുമ്പോൾ സംരംഭകത്വവും വിനോദസഞ്ചാരവും മെച്ചപ്പെടുകയും സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says that entrepreneurship and tourism will improve and economic activities will accelerate when airports are built in the country.**

3. പശ്ചിമേഷ്യയിൽ സംഘർഷം എട്ടാം ദിവസവും രൂക്ഷം. ഇസ്രായേലിന് 151 മില്യൺ ഡോളറിൻ്റെ ആയുധങ്ങൾ കൈമാറാൻ അനുമതി നൽകി അമേരിക്കൻ ഭരണകൂടം.

   **US administration approves new 151 million dollar arms sale to Israel, as military conflict in West Asia enters 8th day.**

4. സാങ്കേതിക തകരാർ നേരിട്ട ഇറാനിയൻ പടക്കപ്പലിന് കൊച്ചിയിൽ അഭയം നൽകിയതിന് ഇന്ത്യക്ക് നന്ദി അറിയിച്ച് ഇറാൻ.

   **Iran thanks India for providing shelter to an Iranian warship in Kochi that faced a technical fault.**

5. സംശുദ്ധമായ വോട്ടർപട്ടികയാണ് ജനാധിപത്യത്തിന്റെ അടിത്തറയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ.

**Chief Election Commissioner Gyanesh Kumar today said that pure electoral rolls are the bedrock of democracy.**

6. ഐസിസി പുരുഷ ടി-20 ലോകകപ്പ് ഫൈനൽ പോരാട്ടം നാളെ. കിരീടം സ്വന്തമാക്കാൻ ഇന്ത്യയും ന്യൂസിലൻഡും.

**ICC Men's T-20 World Cup final battle tomorrow. India and New Zealand to win the title.**

## PRESIDENT-WOMENS DAY

നാളെ ന്യൂഡൽഹിയിലെ മനേക്ഷാ സെന്ററിൽ നടക്കുന്ന അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ദേശീയ തല ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യ പ്രഭാഷണം നടത്തും. വനിതാ-ശിശു വികസന മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവിയും സഹമന്ത്രി സാവിത്രി താക്കൂറും പങ്കെടുക്കും. വനിതാ ദിനാഘോഷത്തിന്റെ ഭാഗമായി നാളെ ന്യൂഡൽഹിയിൽ ശക്തി വോക്ക് എന്ന പേരിൽ സ്ത്രീകൾ നയിക്കുന്ന നടത്തവും സംഘടിപ്പിച്ചിട്ടുണ്ട്. ദിനത്തോടനുബന്ധിച്ചുള്ള സംസ്ഥാനതല പരിപാടി മന്ത്രി വീണാ ജോർജ് നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

*******************************

## NEW EVE. PM -RAJASTHAN (INTRO)

വ്യോമഗതാഗതം വഴി ബന്ധിപ്പിച്ചിരിക്കുന്ന പ്രദേശങ്ങളിൽ വേഗതയേറിയതും വിശാലവുമായ വികസനം സാധ്യമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പുതിയ കോട്ട-ബുന്ദി ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ തറക്കല്ലിടൽ ചടങ്ങിനെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2014 ന് മുമ്പ് ഇന്ത്യയിൽ 70 ഓളം വിമാനത്താവളങ്ങൾ

മാത്രമാണുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അവയുടെ എണ്ണം 160 തിലധികമായി വർദ്ധിച്ചുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിമാനത്താവളങ്ങൾ നിർമ്മിക്കപ്പെടുമ്പോൾ, അവ സമീപപ്രദേശങ്ങളിലെ സംരംഭകത്വത്തെയും ടൂറിസത്തെയും പ്രോത്സാഹിപ്പിക്കുകയും മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

*******************************

## PM DELHI PROJECTS

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ 33,500 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവ്വഹിക്കും. രണ്ട് പുതിയ ഇടനാഴികൾ ഉൾപ്പെടെ വിവിധ ഡൽഹി മെട്രോ പദ്ധതികളുടെ ഉദ്ഘാടനവും നാളെ നടക്കും.

*******************************

## MIZORAM-VICE PRESIDENT

മിസോറം സമാധാന കരാർ, സംസ്ഥാനത്ത് ശാശ്വത സമാധാനവും വികസനവും ഉറപ്പാക്കുമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. മിസോറം സർവകലാശാലയുടെ 20-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കരാർ സംഘർഷത്തിന് അറുതി വരുത്തുക മാത്രമല്ല, മേഖലയിലെ സുസ്ഥിര വികസനത്തിന് അടിത്തറ പാകുകയും ചെയ്യുവെന്ന് അദ്ദേഹം പറഞ്ഞു.

*******************************

## CEC-ELECTORAL ROLLS (INTRO)

സംശുദ്ധമായ വോട്ടർപട്ടികയാണ് ജനാധിപത്യത്തിന്റെ അടിത്തറയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അവലോകനം ചെയ്ത ശേഷം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗ്യതയുള്ള ഒരു വോട്ടർ പോലും പട്ടികയ്ക്ക് പുറത്താകില്ലെന്ന് ഉറപ്പാക്കിയതായും അദ്ദേഹം വ്യക്തമാക്കി. ജനാധിപത്യ സംവിധാനങ്ങളുടെ കാര്യത്തിൽ കേരളം രാജ്യത്തിനാകെ മാതൃകയാണെന്നും ശ്രീ ഗ്യാനേഷ് കുമാർ അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

*******************************

## GOYAL-RAISINA DIALOGUE

വ്യാപാര കരാറുകളിൽ ഇന്ത്യ യാതൊരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ലെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന റെയ്സിന ഡയലോഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ കരാറുകളിലും രാജ്യത്തിന്റെ താൽപ്പര്യങ്ങൾ കേന്ദ്ര സർക്കാർ സംരക്ഷിച്ചിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ പത്ത് വർഷത്തിനിടെ ആഗോളതലത്തിൽ മത്സരിക്കാൻ ശേഷിയുള്ള ആത്മവിശ്വാസമുള്ള രാജ്യമായി ഇന്ത്യ മാറിയെന്നും ലോകരാജ്യങ്ങളുമായി ശക്തമായ വ്യാപാര ബന്ധം സ്ഥാപിക്കുകയാണ് ഇന്ത്യയുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

*******************************

## PM - NEPAL

നേപ്പാളിൽ നടന്ന തെരഞ്ഞെടുപ്പ് വിജയകരവും സമാധാനപരവുമായി പൂർത്തിയാക്കിയതിന് നേപ്പാളിലെ ജനങ്ങളെയും സർക്കാരിനെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. നേപ്പാളിലെ ജനങ്ങൾ ജനാധിപത്യ അവകാശങ്ങൾ

ആവേശത്തോടെ വിനിയോഗിക്കുന്നത് കാണുന്നതിൽ സന്തോഷമുണ്ടെന്ന് അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

******************************

## UTTARAKHAND-AMIT SHAH

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഉത്തരാഖണ്ഡിലെ ഹരിദ്വാറിൽ ആയിരത്തി 129 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു. ഉത്തരാഖണ്ഡ് സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സർക്കാരിന്റെ പ്രധാന നേട്ടങ്ങളും നയ തീരുമാനങ്ങളും പ്രദർശിപ്പിക്കുന്ന സംസ്ഥാനതല പ്രദർശനവും പരിപാടിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

******************************

## DAY-WEST ASIA CONFLICT (INTRO)

പശ്ചിമേഷ്യയിലെ സൈനിക സംഘർഷം എട്ടാം ദിവസത്തിലേക്ക് കടന്നതോടെ മേഖല അതീവ ഗുരുതരമായ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. അമേരിക്കയും ഇസ്രായേലും ഇറാനിൽ നടത്തുന്ന ശക്തമായ വ്യോമാക്രമണങ്ങൾ സംഘർഷം വൻതോതിൽ വർധിപ്പിച്ചിരിക്കുകയാണ്.

**വിശദാംശങ്ങളിലേക്ക്...**

*(വോയിസ്)*

*ഇറാന്റെ പരമോന്നത നേതാവ് കൊല്ലപ്പെട്ടതിന് പിന്നാലെ തുടങ്ങിയ സംഘർഷം ഇപ്പോൾ തലസ്ഥാനമായ ടെഹ്റാനിലെ വിമാനത്താവളം ഉൾപ്പെടെയുള്ള ഭാഗങ്ങളിലേക്ക് വ്യാപിച്ചു. കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ ഇറാനിലെ മൂവായിരത്തിലധികം കേന്ദ്രങ്ങളിൽ ആക്രമണം നടത്തിയതായി യുഎസ് സെൻട്രൽ*

*കമാൻഡ് സ്ഥിരീകരിച്ചു. ഇതിനിടെ ഇസ്രായേലിന് 151 മില്യൺ ഡോളറിന്റെ ആയുധങ്ങൾ കൈമാറാൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അനുമതി നൽകി. അതേസമയം, ഇറാൻ നിരുപാധികം കീഴടങ്ങണമെന്ന ട്രംപിന്റെ ആവശ്യം ഇറാൻ പ്രസിഡന്റ് തള്ളി. ആക്രമണങ്ങളിൽ സ്ത്രീകളും കുട്ടികളുമടക്കം 1,332 പേർ കൊല്ലപ്പെട്ടതായി ഇറാൻ ഐക്യരാഷ്ട്രസഭയെ അറിയിച്ചു. റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിൻ ഇറാൻ പ്രസിഡന്റുമായി സംസാരിക്കുകയും നയതന്ത്രപരമായ പരിഹാരം ആവശ്യപ്പെടുകയും ചെയ്തു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

********************************

## INDIA-IRAN SHIP

സാങ്കേതിക തകരാർ നേരിട്ട ഇറാനിയൻ പടക്കപ്പലിന് അഭയം നൽകിയത് ഇന്ത്യയുടെ മനുഷ്യത്വപരമായ നടപടിയാണെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ നടക്കുന്ന റെയ്‌സിന ഡയലോഗിലെ മന്ത്രിതല സമ്മേളനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. പടക്കപ്പലിന് അഭയം നൽകിയതിന് ഇറാൻ, ഇന്ത്യയ്ക്ക് നന്ദി അറിയിച്ചു. കഴിഞ്ഞ ഫെബ്രുവരി 28-ന് ഇറാന്റെ അഭ്യർഥന പരിഗണിച്ച് കൊച്ചിയിലെ നാവിക സേനാ ആസ്ഥാനത്താണ് ഇറാനിയൻ കപ്പലായ I R I S ലാവൻ അടിയന്തരമായി ഡോക്ക് ചെയ്യാൻ അനുമതി നൽകിയത്. കപ്പലിലെ 183 ജീവനക്കാർക്ക് താമസ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

********************************

## OIL PRICE

പശ്ചിമേഷ്യയിലെ സംഘർഷം ആഗോള ഇന്ധന വിതരണത്തെ ബാധിക്കുമെന്ന ആശങ്കകൾ തുടരുന്നതിനിടെ, ആഗോള അസംസ്കൃത എണ്ണ വിലയിൽ വൻ കുതിപ്പ്. ബ്രെന്റ് ക്രൂഡ് ഓയിൽ

വില 8.5 ശതമാനത്തിലധികം ഉയർന്ന് ബാരലിന് 92 യുഎസ് ഡോളറിലേറെയായി.

*******************************

## LPG

രാജ്യത്തെ മെട്രോപൊളിറ്റൻ നഗരങ്ങളിൽ സബ്സിഡിയില്ലാത്ത ഗാർഹിക സിലിണ്ടറുകൾക്ക് 60 രൂപ വർധിച്ചു. വാണിജ്യ സിലിണ്ടറുകൾക്ക് 115 രൂപ വർധിച്ചതായും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചു. പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വന്നു.

*******************************

## CRICKET T20 WORLD CUP

ഐസിസി പുരുഷ ടി-20 ലോകകപ്പ് കലാശ പോരാട്ടത്തിൽ ഇന്ത്യ നാളെ ന്യൂസിലൻഡിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം. ഇംഗ്ലണ്ടിനെതിരെ വിജയം നേടി ഇന്ത്യ ഫൈനലിൽ എത്തിയപ്പോൾ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തിയാണ് ന്യൂസിലാൻഡിന്റെ ഫൈനൽ പ്രവേശം.

*******************************

## RAILWAYS-SPECIAL TRAIN

അഹമ്മദാബാദിൽ നാളെ നടക്കുന്ന ഇന്ത്യ-ന്യൂസിലൻഡ് ടി20 ലോകകപ്പ് ഫൈനൽ മത്സരം പ്രമാണിച്ച് റെയിൽവേ പ്രത്യേക ട്രെയിൻ സർവീസ് നടത്തും. ഇന്ന് രാത്രി 11:45-ന് ന്യൂഡൽഹിയിൽ നിന്ന് പുറപ്പെട്ട് നാളെ ഉച്ചയ്ക്ക് 2:30-ന് സബർമതിയിലെത്തുന്ന തരത്തിലാണ് സർവീസ് ക്രമീകരിച്ചിരിക്കുന്നത്. സെക്കൻഡ് എസി, തേർഡ് എസി എന്നിവയുൾപ്പെടെ ആകെ 19 കോച്ചുകളാണ് ട്രെയിനിലുള്ളത്.

*******************************

## PUTHUYUGA YAATRA - RAHUL GANDHI

പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ നയിക്കുന്ന പുതുയുഗ യാത്രക്ക് തിരുവനന്തപുരത്ത് സമാപനം. പുത്തരിക്കണ്ടം മൈതാനത്ത് നടന്ന സമാപന സമ്മേളനം ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്തു. മുതിർന്ന കോൺഗ്രസ് നേതാക്കളും പ്രവർത്തകരും പരിപാടിയിൽ പങ്കെടുത്തു.

*******************************

## CM-ALAPPUZHA

2027-മെയിൽ കുട്ടനാടിന്റെ സമഗ്ര കുടിവെള്ള പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആലപ്പുഴ - കോട്ടയം ജില്ലകളെ ബന്ധിപ്പിക്കുന്ന ആലപ്പുഴ - ചങ്ങനാശ്ശേരി എ.സി റോഡിന്റേയും പടഹാരം പാലത്തിന്റേയും ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

*******************************

## PM - WEBINAR

വിദ്യാഭ്യാസം, നൈപുണ്യം, സർവകലാശാല ടൗൺഷിപ്പുകൾ എന്നിവ സംബന്ധിച്ച ബജറ്റാനന്തര വെബിനാറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ വെർച്വലായി അഭിസംബോധന ചെയ്യും. നടപ്പ് സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ രാജ്യത്തെ വിദ്യാഭ്യാസം, നൈപുണ്യം, ആനിമേഷൻ, വിഷ്വൽ ഇഫക്റ്റുകൾ, ഗെയിമിംഗ്, ക്രിയേറ്റർ ഇക്കണോമി ആവാസവ്യവസ്ഥ എന്നിവ ശക്തിപ്പെടുത്തുന്നതിനായി പ്രഖ്യാപിച്ച പ്രധാന സംരംഭങ്ങളെക്കുറിച്ച് വെബിനാർ ചർച്ച ചെയ്യുമെന്ന് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു.

*******************************

## LS-SPEAKER DISCUSSION

ലോക്സഭാ സ്പീക്കർ ഓം ബിർളയെ സ്പീക്കർ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടു വന്ന പ്രമേയം ലോക്സഭ മറ്റന്നാൾ പരിഗണിക്കും. ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിനും അന്നേദിവസം തുടക്കമാകും. ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടത്തിൽ, സ്പീക്കർ പക്ഷപാതപരമായി പെരുമാറി എന്ന് ആരോപിച്ച് പ്രതിപക്ഷം ലോക്സഭാ സെക്രട്ടറി ജനറലിന് അവിശ്വാസ നോട്ടീസ് നൽകിയിരുന്നു.